ആഗോള മുസ്‌ലിം സമൂഹവും ഉപജാപങ്ങളും-3




■ ലേഖനം

പി.പി അബ്ദുർറസ്സാഖ് പെരിങ്ങാടി

# ബഹളം, മ്ലേഛത, കുത്സിത പ്രയോഗങ്ങൾ

**ഇസ്‌ലാം** സ്വയംതന്നെ പ്രകാശിക്കുന്ന ഒരു ജീവിതവ്യവസ്ഥയാണെന്നും, അത് ജീവിതത്തിന്റെ ഭിന്ന തലങ്ങളിലുള്ളവരെ അതാത് തലങ്ങളിലൂടെ ആകർഷിച്ചു കൊണ്ടേയിരിക്കുന്നുവെന്നും എണ്ണം കൊണ്ടും ആഗോള സാന്നിധ്യംകൊണ്ടും ലോകത്തിലെ ആചരിക്കപ്പെടുകയും അനുഷ്ഠിക്കപ്പെടുകയും ചെയ്യുന്ന ഏറ്റവും വലിയ മതമായി അത് മാറിക്കഴിഞ്ഞെന്നും സാമ്രാജ്യത്വ ശത്രുക്കളും അതിന്റെ അരികു പറ്റികളും മനസ്സിലാക്കുന്നു. ബൈബിളിന്റെ പശ്ചാത്തലഭൂമിയായ മധ്യപൗരസ്ത്യ ദേശത്ത് ഇസ്‌ലാമിന്റെ വെളിച്ചം പരന്നപ്പോൾ യേശുവിന്റെ ലേബലൊട്ടിച്ച ഗ്രീക്കോ-റോമൻ പെഗനിസം അപ്രത്യക്ഷമായതുപോലെ, യൂറോപ്പിലും ഇസ്‌ലാമിന്റെ പ്രകാശധോരണി പരക്കുന്നത് ആവർത്തിക്കാൻ ഇടയാകുമെന്ന് അവർ ഭയപ്പെടുന്നു. ഇതിന് തടയിടാൻ അവർ കണ്ടവഴി മക്കയിലെ മുശ്‌രിക്കുകളും മദീനയിലെ ജൂതന്മാരും പയറ്റി പരാജയപ്പെട്ട വഴികളുടെ പുതിയ പതിപ്പുതന്നെ. മുസ്‌ലിംകളെ വികാര വിക്ഷുബ്ദരാക്കാനുള്ള പ്രകോപനങ്ങളും അത് വഴി ഖുർആന്റെയും ഇസ്‌ലാമിന്റെയും സന്ദേശം കേൾക്കാതിരിക്കാനുള്ള ബഹളവും സൃഷ്ടിക്കുക (ഖുർആൻ 41:26). മുസ്‌ലിംകൾ അസഹിഷ്ണുക്കളാണെന്ന് വരുത്തിത്തീർക്കുക മുസ്‌ലിം ലോകത്തിന്റെ ധാർമിക ശക്തിയെ ചോർത്തുന്നതിനും ധർമച്യുതിയിൽ അവർ പാശ്ചാത്യരെ പോലെ തന്നെയെന്ന് വരുത്തിത്തീർക്കുന്നതിന് മ്ലേഛതകൾ പരത്തുക (ഖുർആൻ 24:19). ഇസ്‌ലാമിനെയും പ്രവാചകനെയും ഇകഴ്ത്തുന്നതിനും താറടിച്ചു കാണിക്കുന്നതിനും സമൂഹമനസ്സിനെ പരുവപ്പെടുത്തുന്നതിനും ദുസ്സൂചനകളോടു കൂടിയ ദ്വയാർഥ പ്രയോഗങ്ങൾ നടത്തി അത് മുസ്‌ലിംകളെ കൊണ്ടുപോലും പ്രയോഗിപ്പിക്കുക (ഖുർആൻ 2:104) എന്നിവയാണ്. ഇതെല്ലാം ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അവരുടെ സന്ദേശത്തെയും ചെറുതാക്കി കാണിക്കാനും ഇല്ലാതാക്കാനും മക്കാ മുശ്‌രിക്കുകളും മദീനയിലെ ജൂതന്മാരും പ്രയോഗിച്ച അടവുകളും കുതന്ത്രങ്ങളുമായി വിശുദ്ധ ഖുർആൻ സൂചിപ്പിച്ച കാര്യങ്ങളാണ്. പ്രവാചകനെ നേർക്കുനേരെ കള്ളനെന്നും കവിയെന്നും മാരണക്കാരനെന്നും ജ്യോത്സ്യനെന്നും ഭ്രാന്തനെന്നും വിളിച്ചു പ്രകോപിപ്പിക്കാൻ ശ്രമിച്ചിരുന്നതായി നിരവധി ഖുർആൻ സൂക്തങ്ങൾ സൂചിപ്പിക്കുന്നുണ്ട്. പ്രവാചകരോ അനുയായികളോ പ്രകോപിതരാവുകയോ വികാര വിക്ഷുബ്ദരായി ഇത്തരത്തിലുള്ള പ്രചാര വേലകളിൽ മുഴുകിയ ആളുകളുടെ തലക്ക് ഇനാം പ്രഖ്യാപിക്കുകയോ ചെയ്തില്ല. പ്രകോപനപരമായ ആരോപണങ്ങൾ പ്രവാചകന്റെ അനുയായികൾക്ക് അദ്ദേഹത്തോടുള്ള അനുസരണത്തിനും ആദരവിനും സ്നേഹത്തിനും ഒട്ടും കുറവു വരുത്തുകയുമുണ്ടായില്ല. ആരോപണം ഉന്നയിച്ച് പ്രകോപനം സൃഷ്ടിച്ചവരിൽ ബഹുഭൂരിപക്ഷവും പിന്നീട് പ്രവാചകന്റെതന്നെ വിശ്വസ്ത അനുയായികളായി മാറുകയാണുണ്ടായത്. വളരെ സംയമന

**പ്രകോപനങ്ങൾ സൃഷ്ടിച്ച് മുസ്‌ലിംകളെ വികാര വിക്ഷുബ്ദരാക്കുകയും അതുവഴി മുസ്‌ലിംകൾ അസഹിഷ്ണുക്കളാണെന്ന് വരുത്തിത്തീർക്കുകയുമാണ് സാമ്രാജ്വത്വ കുതന്ത്രം. പ്രവാചകനെ കള്ളനെന്നും കവിയെന്നും മാരണക്കാരനെന്നും ജ്യോത്സ്വനെന്നും ഭ്രാന്തനെന്നും വിളിച്ചു പ്രകോപിപ്പിക്കാൻ ശ്രമിച്ചിരുന്നു. പ്രവാചകരോ അനുയായികളോ പ്രകോപിതരാവുകയോ വികാര വിക്ഷുബ്ദരായി ഇത്തരത്തിലുള്ള പ്രചാര വേലകളിൽ മുഴുകിയ ആളുകളുടെ തലക്ക് ഇനാം പ്രഖ്യാപിക്കുകയോ ചെയ്തില്ല. ആരോപണം ഉന്നയിച്ച് പ്രകോപനം സൃഷ്ടിച്ചവരിൽ ബഹുഭൂരിപക്ഷവും പിന്നീട് പ്രവാചകന്റെതന്നെ വിശ്വസ്ത അനുയായികളായി മാറുകയാണുണ്ടായത്.**




ത്തോടും ആർജവത്തോടുമാണ് പ്രവാചകനും അനുയായികളും ഇത്തരം പ്രകോപനപരമായ പ്രചാരവേലകളെ നേരിട്ടത്. വിശുദ്ധ ഖുർആനാകട്ടെ, ഭാവിയിലും ഇത്തരത്തിലുള്ള ഉപദ്രവങ്ങൾ വേദക്കാരിൽനിന്നും കേൾക്കേണ്ടിവരുമെന്ന് വ്യക്തമായി സൂചിപ്പിച്ചു. ഇൻഫർമേഷൻ ടെക്നോളജി ആ രംഗത്ത് വിസ്ഫോടനം സാധ്യമാക്കിത്തീർത്തപ്പോൾ അതിന്റെ ഏറ്റവും വലിയ ഗുണഭോക്താവ് ഇസ്‌ലാമാണെന്നതാണ് വർത്തമാനകാല സംഭവവികാസങ്ങൾ നൽകുന്ന സൂചന. ഇതാകട്ടെ, പ്രചണ്ഡമായ ഇസ്‌ലാം വിരുദ്ധ പ്രചാരണങ്ങളുടെയും മുസ്‌ലിം സമൂഹത്തിനുനേരെയുള്ള കടന്നാക്രമണത്തിന്റെയും പശ്ചാത്തലത്തിലാണ് സംഭവിക്കുന്നത്. ഈ പശ്ചാത്തലത്തിൽവേണം പോപ്പ് ബനഡിക്ടിന്റെ പ്രസ്താവനകളേയും ഡാനിഷ്-സ്വീഡിഷ് പത്രങ്ങളുടെ കാർട്ടൂണുകളേയും സൽമാൻ റുശ്ദി-തസ്‌ലീമ നസ്റിൻ പോലുള്ള പ്രതിഭാസങ്ങളേയുമെല്ലാം നോക്കിക്കാണാൻ. ഇവരൊക്കെ യുക്തിപരതയുടെയും ചരിത്രത്തിന്റെയും ഭൂമികയിൽനിന്നുകൊണ്ട് ഇസ്‌ലാമിനെ നിരൂപണം ചെയ്യുന്നുവെന്നും എന്നാൽ മുസ്‌ലിംസമൂഹം തികഞ്ഞ അസഹിഷ്ണുത മാത്രമാണെന്നുമുള്ള പ്രതീതി സൃഷ്ടിക്കാൻ ആസൂത്രിതവും ബോധപൂർവവുമായ കുത്സിത ശ്രമങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. അവർ എഴുന്നള്ളിക്കുന്നതോ കടുത്ത മുൻവിധികളും കെട്ടുകഥകളും. നിരന്തരമായ കുപ്രചാരണങ്ങളിലൂടെ അനുവാചക മനസ്സിൽ പാശ്ചാത്യ മീഡിയ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്ന മറ്റൊരു കാര്യം, ഇസ്‌ലാം സംവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും എന്നാൽ പാശ്ചാത്യർ പ്രതിനിധാനം ചെയ്യുന്ന ക്രിസ്റ്റ്യാനിറ്റി സംവാദത്തെ തുറന്നമനസ്സോടുകൂടി സമീപിക്കുന്നുവെന്നുമുള്ള മിഥ്യയാണ്. ആരോഗ്യകരമായ സംവാദത്തിലേർപ്പെടുന്നതിനുവേണ്ടി ഖുർആനിലൂടെതന്നെ ആജ്ഞാപിക്കപ്പെട്ട (ഖുർആൻ 16:125) സമുദായമാണ് മുസ്‌ലിംകൾ. യഥാർഥത്തിൽ വിശുദ്ധ ഖുർആന്റെ ഈ അജ്ഞയും ആഹ്വാനവും ഉൾക്കൊണ്ടുകൊണ്ട് ഇങ്ങ് കേരളക്കര മുതൽ അങ്ങ് ലോകത്തിന്റെ മുഖ്യ തലസ്ഥാന നഗരികളിൽ വരെ ആർക്കും തൊട്ടറിയാവുന്നതും കണ്ടറിയാവുന്നതുമായ വസ്തുതയാണ്, ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങൾ പരമതങ്ങളുമായി, പ്രത്യേകിച്ചും പാശ്ചാത്യൻ ക്രൈസ്തവരുമായി ആരോഗ്യകരമായ സംവാദത്തിലേർപ്പെടാൻ കാണിക്കുന്ന ഔത്സുക്യവും അതിനുവേണ്ടി സ്ഥാപിക്കുന്ന തുറന്നവേദികളും. ഇത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഇതര മതവിശ്വാസങ്ങളുടേയും പ്രത്യയശാസ്ത്രങ്ങളുടെയും മേലുള്ള ആത്മവിശ്വാസത്തിന്റെ പ്രതിഫലനം മാത്രമല്ല; സാമൂഹിക ഉദ്ഗ്രഥനം കൂടി ലക്ഷ്യം വെച്ച് കൊണ്ട് നടത്തപ്പെടുന്നതാണ്. ഇതോട് ചേർത്ത് വായിക്കേണ്ട കാര്യമാണ്, പാശ്ചാത്യൻ ക്രിസ്റ്റ്യാനിറ്റി ഇസ്‌ലാമിനെയും അതിനെ പ്രതിനിധാനംചെയ്യുന്ന പ്രസ്ഥാനങ്ങളേയും ആരോഗ്യകരമായ സംവാദങ്ങളുടെ കാര്യം പോകട്ടെ, ഒരു പൊതു സൗഹൃദസംഭാഷണത്തിനുപോലും ക്ഷണിക്കാൻ ധൈര്യപ്പെടുന്നില്ലഎന്നത്. പോപിന്റേതു പോലുള്ള പ്രസ്താവനകളേയും ഡാനിഷ്-സ്വീഡിഷ് പത്രങ്ങളുടെ കാർട്ടൂണുകളെയുമൊക്കെ അവയുടെ മനശ്ശാസ്ത്രപരവും സാമൂഹിക ശാസ്ത്രപരവുമായ പരിസരങ്ങളുൾക്കൊണ്ട് ആരോഗ്യകരമായ സംവാദത്തിനുള്ള മറ്റൊരവസരമാക്കി മാറ്റി ഉപയോഗപ്പെടുത്തുന്നതിൽ ആഗോള മുസ്‌ലിം സമൂഹം വിജയിച്ചിരിക്കുന്നത് ഒരു വസ്തുതയാണ്. ഒച്ച വെച്ച് ബഹളം സൃഷ്ടിച്ചും സത്യത്തെ മറച്ചുവെക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളെ (ഖുർആൻ 41:26) മതത്തെ സംബന്ധിച്ചുള്ള ചിന്തകളും ചർച്ചകളും വൈകാരികവും വിസ്ഫോടനാത്മകവുമായ അന്തരീക്ഷത്തിൽനിന്നും മാറ്റി വൈചാരികതയുടെ ശാദ്വല തീരങ്ങളോടടുപ്പിക്കുന്നതിലൂടെയാണ് ഏറ്റവും ആരോഗ്യപൂർണമായി നേരിടാൻ സാധിക്കുക. ഈ ലോകത്ത് പ്രവാചകൻ മുഹമ്മദിന് മുമ്പ് ആഗതമായ, തെറ്റായ രൂപത്തിൽ ദൈവമോ ദൈവാവതാരമോ ആയി ചിത്രീകരിക്കപ്പെടുകയോ അപമാനവീകരിക്കപ്പെടുകയോ ചെയ്ത എല്ലാ പ്രവാചകരേയും പുണ്യവാളന്മാരേയും മനുഷ്യരായ പ്രവാചകരായും പുണ്യവാളന്മാരായും വിവേചനരഹിതമായി അംഗീകരിക്കാനും വിശ്വസിക്കാനുമുള്ള ഹൃദയ വിശാലത വിശ്വാസത്തിന്റെ ഭാഗമായി തന്നെ കൊണ്ടു നടക്കുന്നവരാണ് മുസ്‌ലിംകൾ. അതുകൊണ്ടുതന്നെ അവർക്ക് അസഹിഷ്ണുക്കളാവുക സാധ്യമല്ല. അവർ ഒരിക്കലും അറിയപ്പെട്ട ഒരു പ്രവാചക ചരിത്രത്തിന്റെയും നിഷേധകരുമല്ല. അവരെക്കുറിച്ച് പരമാവധി പറയാൻ സാധിക്കുക തെറ്റായി മനസ്സിലാക്കപ്പെട്ട ചരിത്രത്തിന്റെ തിരുത്തുകാർ എന്നു മാത്രമാണ്. അതുകൊണ്ടുതന്നെ മുസ്‌ലിംകളെ അസഹിഷ്ണുക്കളായി ചിത്രീകരിക്കാനുള്ള ഉപജാപ ശ്രമങ്ങളും അന്തിമവിശകലനത്തിൽ പരാജയത്തിലേ കലാശിക്കൂ!

തീർച്ചയായും ഇസ്‌ലാമും പാശ്ചാത്യൻ ക്രിസ്റ്റ്യാനിറ്റിയും തികച്ചും വ്യത്യസ്തങ്ങളായ ജീവിതവീക്ഷണങ്ങളും ആചാരാനുഷ്ടാനക്രമങ്ങളും ഇവക്ക് അടിസ്ഥാനം നിൽക്കുന്ന വിശ്വാസ സംഹിതകളുമാണെങ്കിലും ദൈവ വിശ്വാസം, പരലോക വിശ്വാസം, മാലാഖമാരിലും സ്വർഗ-നരകങ്ങളിലുമുള്ള വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ ഇവരണ്ടും യോജിക്കുന്നു. വിശദാംശങ്ങളിൽ വൈജാത്യം ഉണ്ടെങ്കിലും രണ്ട് മതങ്ങളും വിധിയിലും പൂർവ പ്രവാചകരിലും വേദങ്ങളിലും വിശ്വസിക്കുന്നു. രണ്ട് വിഭാഗങ്ങളും സമാദരണീയനായി വിശ്വസിക്കുന്ന യേശുവിന്റെ വ്യക്തിത്വം, ക്രിസ്റ്റ്യാനിറ്റിയുടെ ജീവിത വീക്ഷണത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്ന യേശുവിന്റെ കുരിശുമരണം, യേശുവിൽ ആരോപിക്കപ്പെടുന്ന കുരിശുമരണത്തിന് കാരണമായി ക്രിസ്റ്റ്യാനി

റ്റി കരുതുന്ന ആദിപാപം, യേശുവിന് ശേഷം യേശുവും പഴയ-പുതിയ നിയമങ്ങളും സന്തോഷവാർത്ത അറിയച്ചതെന്ന് വിശുദ്ധ ഖുർആൻ അവകാശപ്പെടുന്ന മുഹമ്മദിന്റെ പ്രവാചകത്വം തുടങ്ങിയ വിഷയങ്ങളിൽ രണ്ട് വിഭാഗങ്ങളും ഭിന്നിക്കുകയും സർവമത സത്യവാദികൾ എന്തുതന്നെ പറഞ്ഞാലും തങ്ങളുടേത് മാത്രമാണ് ശരിയെന്ന് അസന്നിഗ്ധമായി അവകാശപ്പെടുകയും ചെയ്യുന്നു. തീർച്ചയായും ഭിന്നിപ്പിന്റെ ബിന്ദുക്കളിൽ സത്യം അവരുടെ പക്ഷത്താണ് എന്ന അന്വേഷണത്തിന് പ്രസക്തിയും സാംഗത്യവുമുണ്ട്. കാരണം, രണ്ട് വിഭാഗങ്ങളും തദടിസ്ഥാനത്തിലുള്ള പരലോകത്തിലെ രക്ഷാ-ശിക്ഷകളിൽ ഉറച്ചു വിശ്വസിക്കുന്നവരാണ്. അഭിപ്രായ വ്യത്യാസമാകട്ടെ വിശ്വാസപരമായ അടിസ്ഥാന പ്രമേയങ്ങളിലുമാണ്. അവയിൽ ഒന്ന് മാത്രമേ ശരിയും സത്യവും ആകാനിടയുള്ളൂവെന്നത് മനുഷ്യബുദ്ധിയുടെ തേട്ടമാണ്. ഒന്നിനെ ബുദ്ധിപരമായി അംഗീകരിക്കുമ്പോൾ ഒരു പുതിയ ജീവിത വീക്ഷണത്തേയും കർമ മാർഗത്തേയും സ്വീകരിക്കുകയും അതിനെതിരായ ജീവിത വീക്ഷണത്തെയും കർമ മാർഗത്തെയും തിരസ്കരിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ പരലോകത്തെ രക്ഷാ-ശിക്ഷകളെ സംബന്ധിച്ച വിശ്വാസം പുലർത്തുന്ന ഇരുവിഭാഗക്കാരിലേയും സത്യാന്വേഷികളെ സംബന്ധിച്ചേടത്തോളം വിശ്വാസപരമായ കാര്യങ്ങളിൽ വൈരുധ്യാത്മക ഭിന്നത പുലർത്തുന്ന ബിന്ദുക്കളിൽ ഏതാണ് ശരിയും സത്യവുമെന്ന ചിന്ത അവരുടെ സത്യാന്വേഷണത്തിന്റെ തേട്ടമാണ്. യഥാർഥത്തിൽ, ഡാനിഷ്-സ്വീഡിഷ് പത്രങ്ങളും പോപ്പും പരിവാരവുമൊക്കെ തങ്ങളുടെ വായനക്കാരോടും അനുയായികളോടും മുസ്‌ലിംകളോടും ഇതര ജനവിഭാഗങ്ങളോടും ആവശ്യപ്പെടേണ്ടത് ഇതായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ അതൊരു പുതിയ ചിന്താതരംഗത്തിനും പഠന-സംവാദ സംസ്കാരത്തിനും വഴി തുറന്നിരുന്നേനെ. പശ്ചാത്യർ ഇൻഫർമേഷൻ സൂപ്പർഹൈവേയുടെ ഒത്ത നടുക്കിരുന്നുകൊണ്ട് മിസിൻഫർമേഷനിലൂടെ സത്യാന്വേഷിയുടെ ചിന്തയേയും പഠനത്തേയും തങ്ങളുടേതായ വഴിക്ക് തിരിച്ചുവിടാനും ബഹളം സൃഷ്ടിക്കാനും ശ്രമിക്കുകയായിരുന്നു. നിർഭാഗ്യവശാൽ മുസ്‌ലിംകളിൽ ഒരുവിഭാഗം വിശുദ്ധ ഖുർആൻ താക്കീതുചെയ്ത ഈ കെണിയിൽ എളുപ്പത്തിൽ വീഴുന്ന പ്രകൃതക്കാരായത് അവരുടെ ലക്ഷ്യം എളുപ്പമാക്കുന്നു.

ഇതോടൊപ്പം, സമാന്തരമായി പാശ്ചാത്യ സാമ്രാജ്യത്വം ചെയ്തുകൊണ്ടിരിക്കുന്ന മറ്റു രണ്ടുകാര്യങ്ങളെ കൂടി സൂചിപ്പിക്കാം. അശ്ലീലതയും മ്ലേഛതയും മുസ്‌ലിം സമൂഹത്തിൽ വ്യാപകമായി പ്രചരിപ്പിക്കാനുള്ള ബോധപൂർവമായ ബഹുമുഖ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഖുർആനിലെ *അന്നൂർ* അധ്യായത്തിൽ ശത്രുക്കളുടെ ഈ മനശ്ശാസ്ത്ര പരിസരത്തെ കാര്യമായി തന്നെ അനാവരണം ചെയ്യുന്നുണ്ട്. മുസ്‌ലിംകൾ പൊതുവിൽ തന്നെ കുടുംബജീവിതം നയിക്കുന്നവരാണ്. അതുകൊണ്ട് കുടുംബശൈഥില്യത്തിന്റെ ഫലമായി പാശ്ചാത്യൻ സമൂഹത്തിൽ കണ്ടുവരുന്ന മൂല്യച്യുതിയും അധാർമികതയും അവരിൽ കുറവാണ്. ലഹരിയിൽനിന്നും മയക്കുമരുന്നിൽനിന്നും അകന്ന് നിൽക്കുന്നവരാണ് ബഹുഭൂരിപക്ഷം മുസ്‌ലിംകളും. മുസ്‌ലിംകളുടെ ധാർമികശക്തിയെ ദുർബലമാക്കാനും ഈ രംഗത്തെങ്കിലും ഇതര ജനവിഭാഗങ്ങളുടെ മേലുള്ള മുൻതൂക്കം ഇല്ലാതാക്കുന്നതിനും പാശ്ചാത്യർ കണ്ട വഴി അവർ നന്നാവുകയെന്നതല്ല; മറിച്ച് മുസ്‌ലിംകളെയും ദുഷിപ്പിക്കുകയെന്നതാണ്! പാശ്ചാത്യവൽക്കരണത്തിന്റെ ഫലങ്ങൾ അറബ് മുസ്‌ലിം സമൂഹത്തിൽ അടുത്ത കാലത്തായി കാണുവാനും സാധിക്കുന്നുണ്ട്. പാരമ്പര്യ മൂല്യങ്ങൾ ഓരോന്നോരോന്നായി ഉപേക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രായം ചെന്ന അവിവാഹിതരായ സ്ത്രീ പുരുഷന്മാരുടെ എണ്ണം ഇപ്പോൾ അറബ് മുസ്‌ലിം സമൂഹത്തിൽ വളരെ കൂടുതലാണ്. വിവാഹ മോചനത്തിന്റെയും കുടുംബ ശൈഥില്യത്തിന്റെയും ഗ്രാഫും ഉയരുകതന്നെയാണ്. ജീവിതം വീടുകളിൽനിന്നും ഹോട്ടലുകളിലേക്ക് പറിച്ചു മാറ്റപ്പെടുന്നു. വീടുകൾ ഹോം തീയേറ്ററുകളുമായി രൂപാന്തരപ്പെടുകയാണ്. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആവരണമിട്ടുകൊണ്ട് സ്ത്രീയെ വിവസ്ത്രയാക്കിയും (ഖുർആൻ 7:26,27) വാണിജ്യവൽക്കരിച്ചും തുടങ്ങുന്ന ഈ ആഭാസം അവിഹിത ലൈംഗികതയായും തജ്ജന്യമായ മ്ലേഛതയായും വികസിച്ചു പ്രചരിക്കുന്നു. ഇതിന്റെ ദുഷ്ഫലങ്ങളിൽ പ്രധാനം കുടുംബശൈഥില്യം തന്നെ. ഇതിന് സഹായകമായി ഫാഷൻ ഡിസൈനിംഗ്, മോഡലിംഗ് തുടങ്ങിയ ആഭാസങ്ങളുടെ പരേഡുകൾ സംഘടിപ്പിക്കപ്പെടുന്നു. നിശാക്ലബ്ബുകളും മസാജ് പാർലറുകളും സാധാരണക്കാരുടെയും പണക്കാരുടെയും സന്ദർശനകേന്ദ്രങ്ങളായി മാറുന്നു. മുതലാളിത്ത പിശാചിന്റെ ഈ സാംസ്കാരിക വൈകൃതം ഏൽക്കാത്ത മുസ്‌ലിം മെട്രോകൾ വളരെ വിരളമാണ്. രിയാദും ടെഹ്റാനും ഇതിൽനിന്ന് ഒഴിവായിനിൽക്കുമെങ്കിലും ദമസ്കസും ഡാക്കയും കറാച്ചിയും കയ്റോയുമൊക്കെ ഇക്കാര്യത്തിൽ സമാനമാണ്. ഇസ്‌ലാമിക നാഗരികതയിൽനിന്നും സംസ്കൃതിയിൽനിന്നും അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹം.

രണ്ടാമത്തെകാര്യം ആഗോള സമൂഹ മനസ്സിനെ ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കുമെതിരാക്കാൻ വേണ്ടി ദുസ്സൂചനകൾ ഉൾക്കൊള്ളുന്ന പദാവലികളിലൂടെയും ഭംഗ്യന്തരേണയും ഇസ്‌ലാമിനേയും മുസ്‌ലിംകളേയും ലേബൽ ചെയ്യാനുള്ള ശ്രമമാണ്. ഈ ലേബലുകൾ മുസ്‌ലിംകളെ കൊണ്ടുതന്നെ ഉപയോഗിപ്പിക്കുകയും മുസ്‌ലിം പിന്തുണ നേടുകയും ചെയ്യുന്നതിന് വേണ്ടിയുള്ള തന്ത്രങ്ങളുടെ ആവിഷ്കരണം ഈ പദ്ധതിയുടെ ഭാഗമാണ്. ഇത് പ്രവാചകന്റെ കാലത്തുതന്നെ ജൂതന്മാർ ആവിഷ്കരിച്ച തന്ത്രമായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽനിന്നു വ്യക്തമാണ് (2:104). ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രവാചകനെയും ഇകഴ്ത്തുകയും നിന്ദിക്കുകയും ചെയ്യുകയെന്നത് കൂടി ഇതിന്റെ പിന്നിലെ ഗൂഢോദ്ദേശ്യമാണ്. "ഞങ്ങളുടെ ആട്ടിടയനെ"ന്ന് കൂടി അർഥമുള്ള ഒരു നാനാർഥ പദത്തെ "ഞങ്ങളെ പരിഗണിക്കേണമേ" എന്ന പ്രത്യക്ഷാർഥത്തിൽ ഉപയോഗിച്ചു ജൂതന്മാർ പ്രവാചകനെ അഭിസംബോധന ചെയ്തപ്പോൾ, ജൂത പ്രയോഗത്തിലെ മനശ്ശാസ്ത്ര പരിസരവും അതിന്റെ പിന്നിലെ ഒളിയജണ്ടകളും പരിഗണിച്ച് സത്യവിശ്വാസികളോട് ആ പദപ്രയോഗത്തിലൂടെയുള്ള അഭിസംബോധന പാടില്ലെന്നും പകരം തങ്ങളുടേതായ വേറിട്ട മാന്യ പദാവലി പ്രയോഗിക്കണമെന്നും പഠിപ്പിച്ച ഒരു വേദഗ്രന്ഥത്തിന്റെ അനുയായികൾക്കെങ്ങനെയാണ്, അതേ മനശ്ശാസ്ത്ര പരിസരത്തോടു കൂടിയ നിയോകൺസർവേറ്റീവുകളും ജൂതലോബിയും ഒന്നിച്ചുചേർന്ന നിരവധി സാമൂഹികവും മതപരവും സൈനികവും സാമ്പത്തികവുമായ ഒളിയജണ്ടകളോടു കൂടി ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ നടത്തുന്ന ഭീകരവും കിരാതവുമായ കടന്നാക്രമണത്തിന് മുസ്‌ലിംകളുടെ കൂടി പിന്തുണ കിട്ടുന്നതിനുവേണ്ടി നൽകപ്പെട്ട ദുസ്സൂചനകളോടു കൂടിയ ലേബലുകളും പദാവലികളും ഒരു സങ്കോചവുമില്ലാതെ ഉപയോഗിക്കാൻ സാധിക്കുക?! ഭീകരവും കിരാതവും ഏകപക്ഷീയവുമായ യുദ്ധത്തെ ആ പേരിൽ വിളിക്കുന്നതിനു പകരം 'ഭീകരതക്കെതിരെയുള്ള യുദ്ധം' എന്ന് വിശേഷിപ്പിക്കുന്ന മുസ്‌ലിംകൾ വിശുദ്ധ ഖുർആൻ സൂചിപ്പിച്ച മനശ്ശാസ്ത്ര പരിസരം ഉൾക്കൊള്ളാത്തവരും അതിന്റെ അജ്ഞയുടെ അന്തസ്സത്ത മനസ്സിലാക്കിയിട്ടില്ലാത്തവരുമാണെന്ന് മാത്രം! ■